**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2751** **17-03-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിലെ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിന്റെ പുനസംഘടനയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് രജിസ്ട്രാറിൽ നിന്ന് പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയുടെ കേഡർ സ്ട്രെങ്ത് വർദ്ധിപ്പിക്കുവാൻ നിർദ്ദേശമുണ്ടോ; എത്ര എണ്ണമാണ് വർദ്ധിപ്പിക്കാനായി നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റ്/ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിലേക്കായി സഹകരണ നിയമത്തിലും ചട്ടത്തിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തുന്നതിനും സഹകരണ വകുപ്പിന്റെ പുനഃസംഘടനയും ടീം ആഡിറ്റ് സംവിധാനം അഴിച്ചു പണിയുന്നതിനും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് വഴി പഠനം നടത്തുന്നതിലേക്കായി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പഠന റിപ്പോർട്ട് ലഭിയ്ക്കുന്ന മുറയ്ക്ക് ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈകൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഉദ്യോഗസ്ഥ പാറ്റേൺ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഇൻസ്പെക്ടർ/ ഓഡിറ്റർ തസ്തികകൾ ആണ് സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നത്; | (ബി) | സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റ്/ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തു-ന്നതിലേക്കായി സഹകരണ നിയമത്തിലും ചട്ടത്തിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തുന്നതിനും സഹകരണ വകുപ്പിന്റെ പുനഃസംഘടനയും ടീം ആഡിറ്റ് സംവിധാനം അഴിച്ചു പണിയുന്നതിനും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് വഴി പഠനം നടത്തുന്നതിലേക്കായി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പഠന റിപ്പോർട്ട് ലഭിയ്ക്കുന്ന മുറയ്ക്ക് ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈകൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പുതുക്കിയ സ്പെഷ്യൽ റൂൾ അനുസരിച്ച സഹകരണ വകുപ്പിലെ ജൂനിയർ കോ- ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ | (സി) | സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർ ഒഴിവുകൾ നികത്തുന്നതിനുള്ള അനുപാതം 40:40:20 (40% |

| | | | |
|---|---|---|---|
| | ഓഡിറ്റർ ഒഴിവുകൾ നികത്തുന്നതിനുള്ള അനുപാതം എത്രയാണ്; | | നേരിട്ടുള്ള നിയമനം, 40% യോഗ്യരായ യു.ഡി.ക്ലാർക്ക് /യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴിയുള്ള ഉദ്യോഗക്കയറ്റം, 20% ഗ്രാമസേവകരിൽ നിന്നുമുള്ള തസ്തികമാറ്റം) 21.06.2021 തീയതിയിലെ GO(P) No.99/2021/Co-op നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമസേവകരിൽ നിന്നുമുള്ള സ്ഥാനമാറ്റം മുഖേനയുള്ള നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത ഒഴിവുകൾ നേരിട്ടുള്ള നിയമനം മുഖേന നികത്താമെന്ന് ഭേദഗതി വരുത്തി വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) | സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികകളിലേക്ക് പ്രൊമോഷൻ വഴി നിയമനം നടത്താനായി മാറ്റിവെക്കുകയും ഇപ്പോഴും യോഗ്യരായ ആളുകളില്ലാത്തതിനാൽ ഒഴിഞ്ഞു കിടക്കുന്നതുമായ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നികത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നിലവിലുള്ള വ്യവസ്ഥ പ്രകാരം സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർ തസ്തികകളിലേക്ക് പ്രൊമോഷൻ വഴി നിയമനം നടത്താനായി മാറ്റിവെക്കുന്ന ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നികത്താൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ